**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1285** **10-10-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തം ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യതയാണ് സംസ്ഥാനം ഏറ്റെടുക്കുന്നത്. |
| (ബി) | തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പദ്ധതി സംസ്ഥാന സർക്കാരിന് എത്രത്തോളം ബാധ്യത ഉണ്ടാക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള തുകയുടെ 50%, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇത് മൂലം ഏകദേശം 1629.24 കോടി രൂപ ബാധ്യതയാണ് സംസ്ഥാനം ഏറ്റെടുക്കുന്നത്. |
| (സി) | പ്രസ്തുത ഔട്ടർ റിംഗ് റോഡ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ? | (സി) | ഔട്ടർ റിങ്ങ് പദ്ധതിയുടെ വിശദമായ പദ്ധതിരേഖ(DPR) തയ്യാറാക്കൽ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ